മലയാള മനോരമ
ESTABLISHED 1888

19 February 2018

# വർണങ്ങളുടെ ബാലപാഠം കുട്ടികൾക്ക് പുതുപാഠം



സിഎംഎഫ്ആർഐ റിക്രിയേഷൻ ക്ലബ്ബിന്റെ വാർഷിക ആഘോഷം സിനിമാ സംവിധായകൻ ജി. മാർത്താണ്ഡൻ ഉദ്ഘാടനം ചെയ്യുന്നു. ടി. കലാധരൻ, ഡോ. ഗോപാലകൃഷ്ണൻ, വി. കൃപ എന്നിവർ സമീപം.

കൊച്ചി • കുട്ടികൾക്കു ചിത്രരചനയുടെ ബാലപാഠങ്ങൾ പകർന്നുനൽകി പ്രമുഖ ചിത്രകാരൻ ടി. കലാധാരൻ.

കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) വാർഷികദിനാഘോഷ പരിപാടികളുടെ ഭാഗമായാണു കലാധരൻ സിഎംഎഫ്ആർഐ ജീവനക്കാരുടെ കുട്ടികൾക്കു ചിത്രകലയെപ്പറ്റിയുള്ള അറിവുകൾ പങ്കുവച്ചത്.

മറ്റുള്ളവർ വരച്ച ചിത്രങ്ങൾ അനുകരിക്കാതെ വരയിൽ സ്വന്തമായ ശൈലി രൂപപ്പെടുത്തുകയാണു വേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. നിരീക്ഷണ പാടവവും പ്രകൃതിയുടെ സൗന്ദര്യം കണ്ടെത്താനുള്ള കഴിവുമാണു ചിത്രകാരനു വേണ്ടത്. കുട്ടികളുടെ തൽസമയ ചിത്രംവരയ്ക്കു കലാധരൻ നേതൃത്വം നൽകി.

സിഎംഎഫ്ആർഐ റിക്രിയേഷൻ ക്ലബിന്റെ നേതൃത്വത്തിൽ നടന്ന വാർഷികദിനാഘോഷം ചലച്ചിത്ര സംവിധായകൻ ജി. മാർത്താണ്ഡനും ടി. കലാധരനും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, റിക്രിയേഷൻ ക്ലബ് പ്രസിഡണ്ട് ഡോ. വി. കൃപ എന്നിവർ പ്രസംഗിച്ചു. ജീവനക്കാരുടെയും കുട്ടികളുടെയും കലാപരിപാടികളും അരങ്ങേറി.